## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 267** 02.04.2013 ൽ - മറുപടിക്ക്

### അന്ത്യോദയ അന്നയോജന പദ്ധതി

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. പി. വിൻസെന്റ് :<br>,, ഐ. സി. ബാലകൃഷ്ണൻ :<br>,, എ. റ്റി. ജോർജ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാചീന ഗോത്രവർഗ്ഗങ്ങളേയും ആദിവാസികുടുംബങ്ങളേയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് പ്രാചീന ഗോത്രവർഗ്ഗ കുടുംബങ്ങളെയും ആദിവാസി കുടുംബങ്ങളെയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. പ്രാചീന ഗോത്ര വർഗ്ഗത്തിൽപ്പെട്ട 2,866 കുടുംബങ്ങളെ എ.എ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും 1,617 പ്രാചീന ഗോത്രവർഗ്ഗ കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ബാക്കിയുണ്ട്. പാലക്കാട് ജില്ലയിലാണ് 1,450 കുടുംബങ്ങളെ ഉൾപ്പെടുത്താൻ അവശേഷിക്കുന്നത്. ജില്ലകളിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 44,602 ആദിവാസി കുടുംബങ്ങളാണ് എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. സംസ്ഥാനമൊട്ടാകെ ഇനിയും 8,076 കുടുംബങ്ങൾ പദ്ധതിയിൽ ഉൾപ്പെടാൻ അവശേഷിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇത് മൂലം പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) എ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കും. സിവിൽ സപ്ലൈസ് വകുപ്പ് മുഖേന പ്രതിമാസം 35 കിലോഗ്രാം അരി കിലോഗ്രാമിന് 1/- രൂപ നിരക്കിൽ ലഭിക്കും. ഓരോ കാർഡംഗത്തിനും 400 ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ലഭിക്കും. കൂടാതെ, മണ്ണെണ്ണയും ലഭിക്കും. (വൈദ്യുതീകരിച്ച വീടുകൾക്ക് 1 ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്ററും പ്രതിമാസം)<br>മേൽപ്പറഞ്ഞ അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവ അനുവദിക്കുന്നത് കേന്ദ്രസർക്കാരാണ്. |
| (ഡി) ഇവർക്കായി പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) എ.എ.വൈ. പദ്ധതിയിൽ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത് 5,95,800 ഗുണഭോക്താക്കളെയാണ്. 28.02.2013 ലെ കണക്കുകൾ പ്രകാരം 5,90,742 കാർഡുകളാണ് നിലവിലുള്ളത്. നിലവിലുള്ള ഒഴിവുകളിൽ പ്രാക്തന ഗോത്ര വർഗ്ഗങ്ങളെയും ആദിവാസി കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ